TB Movie Panel Weekly Review

**#MoviePanel**

JOJI

Written By : Arjun Anand

ജോജി കണ്ടു കഴിഞ്ഞപ്പോൾ ബോധ്യമായത് അടുത്തകാലത്തു ഒന്നും ഒരു സിനിമയോട് ഇത്രയും ഇഴുകി ചേർന്ന് കണ്ടിട്ടില്ല എന്ന വസ്തുത ആണ് .. അസ്വസ്ഥമായ മനസ്സോടെയേ ജോജിയെ കണ്ടു മുഴുമിപ്പിക്കാൻ ആവൂ.... തുടക്കം തന്നെ കൂടെ കൂടുന്ന അസ്വസ്ഥത അവസാനം എത്തുന്നതോടെ ഒരു തരിപ്പായി മാറുന്നുണ്ട് ...ചില സിനിമകൾ ഒരുപാട് ഇഷ്ടപ്പെട്ടാലും ഒരിക്കൽ കൂടി കാണാൻ ധൈര്യപ്പെടാത്ത വിധം വല്ലാതെ മനസ്സിനെ ബാധിക്കും.. അത്തരം ചിത്രം ആണ് ജോജി ...

ഷേക്സ്പിയറിന്റെ വിശ്വവിഖ്യാത നാടകമായ മാക്ബത്തിന്റെ വിദൂരമായ ഒരു അഡാപ്റ്റേഷൻ അല്ലെങ്കിൽ മാക്ബത്തിന്റെ ഒരു ദിലീഷ് പോത്തൻ -ശ്യാം പുഷ്ക്കരൻ പതിപ്പ് എന്ന് വിളിക്കാം ജോജിയെ... മാക്ബത് ഒരു ദുരന്ത നാടകം ആയിരുന്നു എങ്കിൽ ജോജിയ്ക്കു കൂടുതൽ അനുയോജ്യം ആവുക ത്രില്ലെർ സ്വഭാവം ഉള്ള ഒരു ക്രൈം ഡ്രാമ എന്ന വിശേഷണം ആണ്..

പനച്ചെൽ കുടുംബത്തെ ചുറ്റിപ്പറ്റിയാണ് ജോജിയുടെ കഥ സഞ്ചരിക്കുന്നത്... പനച്ചെൽ കുട്ടപ്പൻ എന്ന അതികായന്റെ മൂന്നു മക്കൾ ആണ് ജോമോനും ജയ്സണും ജോജിയും... കുട്ടപ്പൻ ആയി എത്തുന്നത് സ്ഫടികത്തിലെ തുരപ്പൻ ബാസ്റ്റിൻ ആയെത്തി മലയാളികളെ വിറപ്പിച്ച പി എൻ സണ്ണി ആണ്... തന്റേടിയും കുടുംബാംഗങ്ങളൊക്കെ ഭയഭക്തി ബഹുമാനത്തോടെയും കാണുന്ന കുട്ടപ്പനെ സണ്ണി വിശ്വസനീയമാക്കി...
.
ഒരു സന്ദർഭത്തിൽ കുട്ടപ്പന്റെ ജീവിതത്തിൽ ഉണ്ടാകുന്ന ഒരു സംഭവം ആ കുടുംബത്തിലെ അംഗങ്ങളെ എങ്ങനെ ബാധിക്കുന്നു എന്നതും തുടർന്നുണ്ടാകുന്ന സംഭവങ്ങളും ആണ് ചിത്രം പറയുന്നത്..

മലയാളത്തിൽ വർഷങ്ങൾക്കു മുൻപ് കെ ജി ജോർജിന്റെ സംവിധാനത്തിൽ പുറത്തിറങ്ങിയ ഇരകളുമായി വിദൂര സാമ്യം തോന്നാമെങ്കിലും അതിൽ നിന്നെല്ലാം വ്യത്യസ്തമാണ് ജോജി... ഇരകൾ സൈക്കോളജിക്കൽ വയലെൻസിന്റെ ആഴത്തിലുള്ള ആവിഷ്കാരം ആയിരുന്നെങ്കിൽ ജോജി അധികാരത്തിനും സമ്പത്തിനും വേണ്ടിയുള്ള ആർത്തിയും സമൂഹത്തോടുള്ള പ്രബദ്ധത ഇല്ലായ്മയും മൂലം മനുഷ്യന്റെ ഉള്ളിൽ ഉറങ്ങി കിടക്കുന്ന മൃഗീയ വാസന ഉണരുന്നതിന്റെ ആവിഷ്കരണം ആണ്..

വീട്ടിലെ മറ്റുള്ളവരുടെ തന്നോടുള്ള പെരുമാറ്റവും ഇഷ്ടപ്പെട്ടു ചെയ്ത ബിസിനസ്സുകൾ പലതും പൊളിഞ്ഞതും അപ്പന്റെ പ്രിയപ്പെട്ട മകൻ അല്ല എന്നുള്ളതും ഒക്കെ ചേർന്ന് സൃഷ്ടിച്ച നിരാശയിലും മടുപ്പിലും ജീവിതം മുൻപോട്ടു കൊണ്ടുപോകുന്ന സമൂഹവുമായി യാതൊരു ബന്ധവുമില്ലാതെ ഒറ്റപ്പെട്ടു ജീവിക്കുന്ന ജോജി എന്ന കഥാപാത്രം ഫഹദിൽ ഭദ്രമായിരുന്നു ...

ഇരുൾ കണ്ടപ്പോൾ ഫഹദിന്റെ പ്രകടനത്തിൽ ഒരു ആവർത്തന വിരസത തോന്നിയിരുന്നു... പക്ഷെ ജോജി ഞെട്ടിച്ചു കളഞ്ഞു..കുടുംബത്തിന്റെയും നാട്ടുകാരിൽ ചിലരുടെയും സംശയദൃഷ്ടിയിൽ പെടുമ്പോൾ ജോജിയുടെ ശരീര ചലനങ്ങളും ഭാവമാറ്റങ്ങളും എത്ര അനായാസമായാണ് ഫഹദ് തിരശീലയിൽ വരച്ചിടുന്നത്..എല്ലാ അഭിനേതാക്കളും എല്ലാവരും മികച്ച പ്രകടനം ആണ് കാഴ്ച വയ്ക്കുന്നത്..

. ജോജി എന്ന സിനിമയെ കുറിച്ച് പറയുമ്പോൾ എടുത്തു പറയേണ്ടുന്ന പേരാണ് ജോജിയുടെ ചേട്ടൻ ജോമോന്റെ കഥാപാത്രം അവതരിപ്പിച്ച ബാബുരാജിന്റെ പ്രകടനം... ഒരുപക്ഷെ എല്ലാവർക്കും പടത്തിൽ ഏറ്റവും വൈകാരികമായി അടുപ്പം തോന്നിയതും നല്ലവനായ, തന്റേടിയായ, സഹോദര സ്നേഹമുള്ള ജോമോൻ എന്ന കഥാപാത്രത്തോടാവും .. അസ്സലായി ചെയ്തു... കുട്ടപ്പന്റെ രണ്ടാമത്തെ മകൻ ആയി എത്തിയ ജോജി മുണ്ടക്കയവും തന്റെ സ്വാഭാവിക പ്രകടനത്തിലൂടെ ശ്രദ്ധ നേടുന്നുണ്ട്.. കുടുംബസുഹൃത്തും അടുത്ത ബന്ധുവും ആയ ഫെലിക്സ് ആയെത്തിയ ഷമ്മി തിലകനും വിശ്വസനീയമായ പ്രകടനം കാഴ്ചവച്ചു..

വിഷ്വൽസ് അതിഗംഭീരം... പടത്തിന്റെ തുടക്കത്തിലും ഇടയിലും ഒക്കെ കടന്നു വരുന്ന വൈഡ് ഷോട്ടുകളും ഹെലിക്യാം ഷോട്ടുകളും മനോഹരമാണ്.. ജോജിയുടെയും മറ്റു കഥാപാത്രങ്ങളുടെയും ഇമോഷൻസും പടത്തിന്റെ മൂടും പലപ്പോഴും പ്രകൃതിയുടെ ചില ചലങ്ങളിലൂടെ കാണിച്ചു തരുന്നുണ്ട്... ഒരു കുളവും തോട്ടവും പോലും ഒരു പ്രധാന കഥാപാത്രമായി ചിത്രത്തിൽ ഉടനീളം പ്രേക്ഷകന് അനുഭപ്പെടുന്നതിൽ തീർച്ചയായും ഛായാഗ്രാഹകന്റെ പങ്ക് വലുതാണ്... ഷൈജു ഖാലിദ് എന്ന മാന്ത്രികന്റെ ക്യാമറ കണ്ണിലൂടെ ഉള്ള കാഴ്ചകൾ വിസ്മയിപ്പിക്കുന്നതാണ്..

പശ്ചാത്തല സംഗീതം... അതിമനോഹരം എന്ന് തന്നെ പറയണം.. അന്താരാഷ്ട്ര സ്വഭാവം ഉള്ള പശ്ചാത്തല സംഗീതം... അങ്ങനെ പറയാൻ കാരണം മലയാളി അല്ലെങ്കിൽ ഇന്ത്യക്കാരൻ അല്ലാത്ത ഒരാൾ ഈ ചിത്രം കാണുമ്പോൾ അവർക്കും കഥാ പശ്ചാത്തലവുമായും കഥാപാത്രങ്ങളുടെ വികാരങ്ങളുമായും താദാത്മ്യം പ്രാപിക്കുവാൻ പാകത്തിനുള്ള, അവയുടെ തീവ്രത ഒട്ടും ചോർന്നു പോകാതെ ആ വിഷയം ആവശ്യപ്പെടുന്ന അളവിൽ പ്രേക്ഷകരിലേക്ക് എത്തിക്കാൻ ജസ്റ്റിൻ

ഒരുക്കിയ പശ്ചാത്തല സംഗീതത്തിന് കഴിയുന്നു എന്നുള്ളത് കൊണ്ടാണ്. കോട്ടയത്തെ ഒരു മലയോര ഗ്രാമത്തിൽ നടക്കുന്ന ഒരു കഥയ്ക്ക് അതു ആവശ്യമുണ്ടോ എന്ന് ചോദിച്ചാൽ തീർച്ചയായും ഉണ്ട് എന്ന് തന്നെ പറയേണ്ടി വരും.. നേരത്തെ പറഞ്ഞ വിഷ്വൽസും ശ്യാം പുഷ്കരന്റെ അതിസൂക്ഷ്മവും വിശദവുമായ തിരക്കഥയും, ആ തിരക്കഥയ്ക്ക് ദിലീഷ് പോത്തൻ നൽകിയ ഭാസുരമായ ആവിഷ്കരണവും അത് അത്രത്തോളം ആവശ്യപെടുന്നുണ്ട് ...

അടുത്തകാലത്തു മലയാളത്തിൽ എന്നല്ല, ഇന്ത്യൻ സിനിമയിൽ തന്നെ ഇറങ്ങിയ മികച്ച സൃഷ്ടികളിൽ ഒന്നാണ് ജോജി...തീർച്ചയായും തീയേറ്റർ അന്തരീക്ഷത്തിൽ ആസ്വദിക്കേണ്ടിയിരുന്ന, അല്ലെങ്കിൽ തിയേറ്റർ അനുഭവം നഷ്ടമായ മറ്റൊരു ഒ ടി ടി റിലീസ്.... സിനിമാപ്രേമികൾ തീർച്ചയായും കണ്ടിരിക്കേണ്ട ചിത്രം...